I/5927268/2023

**കേരളസർക്കാർ**

നമ്പർ.സി1/184/2023/ഐ&പി.ആർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം
തിയതി: 28-10-2023

**ഭാരത അന്താരാഷ്ട്ര വ്യാപാരമേള -2023 (IITF 2023 )- കേരളദിനാഘോഷം - കലാപരിപാടി അവതരിപ്പിക്കുന്നതിന് കലാസംഘത്തെ തെരഞ്ഞെടുക്കുന്നു.**

2023 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേള 2023 (IITF 2023 ) നോടനുബന്ധിച്ച് നവംബർ 20ന് വൈകുന്നേരം 6 മണി മുതൽ 7.30 വരെ പ്രഗതിമൈതാനിയിലെ ആംഫി തിയറ്ററിൽ വച്ച് നടക്കുന്ന കേരളദിനാഘോഷത്തിൽ കലാപരിപാടി അവതരിപ്പിക്കുന്നതിന് കലാസംഘത്തെ തെരഞ്ഞെടുക്കുന്നതിനായി പ്രൊപ്പോസൽ ക്ഷണിക്കുന്നു. താത്പര്യമുള്ള കലാസ്ഥാപനങ്ങൾക്ക് നവംബർ 3 ന് ഉച്ചക്ക് 2 മണിക്ക് മുമ്പായി ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ,സെക്രട്ടേറിയറ്റ് , തിരുവനന്തപുരം 1 എന്ന വിലാസത്തിൽ പ്രൊപ്പോസലുകൾ ലഭ്യമാക്കാവുന്നതാണ്. പ്രൊപ്പോസലിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന പരിപാടിയുടെ ഉള്ളടക്കം, അവതരണത്തിനുള്ള പ്രതിഫലം ( യാത്രാ ചെലവ് ഉൾപ്പെടെ) , അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന പരിപാടിയുടെ കൂടുതൽ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ